# തവസ്സുൽ: പ്രവാചകനോടൊരു കുമ്പസാരം

ശാഫി സ്വലാഹി ചങ്ങലീരി

ഇടയാളന്മാരില്ലാതെ അല്ലാഹുവിലേക്കടുക്കാൻ സാധിക്കുകയില്ലെന്ന് വാദിക്കുന്ന മുസ്‌ല്യാക്കന്മാർ, അതിനുവേണ്ടി വ്യാപകമായി ദുർവ്യാഖ്യാനിക്കുറുള്ള മറ്റൊരു ഖുർആൻ വചനമാണ് സൂറഃ നിസാഇലെ 46-ാം വചനം. മുസ്‌ല്യാക്കന്മാരുടെ വരികൾ തന്നെ കാണുക:

**(സുന്നത്ത് ജമാഅത്ത് ഒരു വിശകലനം പേജ്: 39, പ്രസാധനം: സുന്നി യുവജന സംഘം സംസ്ഥാന കമ്മറ്റി)**



അതുപോലെ മുഅ്മിനീങ്ങളെ മദ്ഹ് ചെയ്ത് കൊണ്ടു അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക: "അവർ അവരുടെ ശരീരങ്ങളെ അക്രമിച്ച് (ദോഷം ചെയ്ത്) തങ്ങളുടെ അടുക്കൽ വരികയും പിന്നെ അവർ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും, നബി(സ)യും അവർക്ക് വേണ്ടി പൊറുക്കലിനെ തേടുകയും ചെയ്താൽ അവർ അല്ലാഹുവിനെ പശ്ചാത്താപം സ്വീകരിക്കുന്നവനായും കൃപചെയ്യുന്നവനായും എത്തിക്കും." (അന്നിസാഅ്-64)

ഇവിടെ അല്ലാഹു ദോഷം പൊറുക്കാൻ വെച്ച ഉപാധി ശ്രദ്ധേയമാണ്. ആദ്യം അവർ നബി(സ)യുടെ അടുക്കൽ വരണം. പിന്നീട് നബി(സ)യോട് ആവലാതികൾ ബോധിപ്പിക്കണം. ശേഷം അവർ അല്ലാഹുവിനോടു പൊറുക്കലിനെ തേടണം. നബി(സ)യും അല്ലാഹുവിനോട് പൊറുക്കലിനെ തേടണം. ഇങ്ങനെ ആരും നബി(സ)യെക്കൊണ്ട് തവസ്സുലാക്കിയിട്ടില്ലെങ്കിൽ അവന്റെ ,ദോഷം പൊറുക്കപ്പെടുകയില്ല. അപ്പോൾ തവസ്സുൽ 'മുഅ്മിനി'ന്റെ സ്വഭാവവും, തവസ്സുൽ നിഷേധിക്കുന്നത് മുനാഫിഖിന്റെ ലക്ഷണവുമാണ്. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ "കണക്കും കയ്യുമില്ലാത്ത ഒരുപാട് പാപങ്ങൾ ഞാൻ ചെയ്തിരിക്കുന്നു; അതിനാൽ നബിമാരിൽ ഉത്തമരും എന്റെ നേതാവുമായ നബിയേ! അങ്ങയോട് ഞാൻ ആവലാതിബോധിപ്പിക്കുന്നു." എന്ന 'മൻഖൂസ് മൗലിദി'ലെ പരാമർശം അംഗീകരിക്കുന്നവർ മുഅ്മിനീങ്ങളും, നിഷേധിക്കുന്നവർ മുനാഫിഖുകളുമാണ്.

നോക്കൂ, എത്രവലിയ ധിക്കാരമാണ് ഒരു ഖുർആൻ വചനത്തിന്റെ പേരിൽ ഇവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്! എന്നാൽ എന്താണ് ആയത്തിന്റെ ശരിയായ വിവക്ഷ? ഇവർ ജൽപിക്കും പോലെ പാപമോചനത്തിനുവേണ്ടി നബി(ﷺ)യോട് കുമ്പസരിക്കാൻ ഈ ആയത്തിൽ പറയുന്നുണ്ടോ? നമുക്ക് പരിശോധിക്കാം.

അതിനുമുമ്പ് പ്രസ്തുത ആയത്ത് സുന്നി പണ്ഡിതൻ തന്നെയായ വലിയ ഖാസി ഇമ്പിച്ചിക്കോയ തങ്ങളുടെ ഖുർആൻ പരിഭാഷയിൽനിന്നും ആദ്യമായി കാണുക:

**(അൽബയാൻ ഫീമആനിൽ ഖുർആൻ പേജ്: 116)**



ജുസ്അ് - 5 116 സൂറ - 4 നിസാഅ്

وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ وَلَوْ أَنَّهُمْ إِذ ظَّلَمُوا أَنفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَّحِيمًا ﴿٦٤﴾

4/64. അല്ലാഹുവിന്റെ അനുവാദ പ്രകാരം അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ ഒരു ദൂതനെയും നാം അയച്ചിട്ടില്ല. സ്വന്തത്തോട് ദ്രോഹം ചെയ്തപ്പോൾ അവർ താങ്കളുടെ അടുത്ത് വരുകയും, എന്നിട്ട് അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും. അല്ലാഹുവിന്റെ റസൂലും അവർക്ക് വേണ്ടി പൊറുക്കലിനെ തേടുകയും ചെയ്തിരുന്നെങ്കിൽ തങ്ങളുടെ തൗബ സ്വീകരിക്കുന്നവനും മഹാകാരുണികനുമായി അല്ലാഹുവെ അവർ കാണുമായിരുന്നു.

നബി(ﷺ)യോട് അവിടുത്തെ ജീവിത കാലത്ത് അനുസരണക്കേട് കാണിച്ച ഒരു പറ്റം കപടവിശ്വാസികളെക്കുറിച്ചാണ് ആയത്തിൽ പരാമർശിക്കുന്നത്. അഥവാ,അവർ നബി(ﷺ)യോട് അനുസരണക്കേടും ധിക്കാരവും കാണിച്ചതിന്റെ ഫലമായി ആദ്യം അവർ നബിയെ സമീപിക്കുക; അല്ലാഹുവിന്റെ കൽപന ധിക്കരിച്ചതിന് തുടർന്ന് അല്ലാഹുവോട് മാപ്പപേക്ഷിക്കുക. ശേഷം ആ മാപ്പപേക്ഷ അല്ലാഹു സ്വീകരിക്കാൻ വേണ്ടി നബി തിരുമേനി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. ഇങ്ങനെയെല്ലാം ചെയ്താൽ അല്ലാഹു അവർക്കത് പൊറുത്തുകൊടുക്കുമെന്നാണ് നേർക്കുനേരെ ഈ ആയത്തിൽ പറയുന്നത്. ഇതിലെവിടെയാണ് തർക്കത്തിലിരിക്കുന്ന തവസ്സുലുള്ളത്?! അത്തരമൊരു തവസ്സുലില്ലെന്ന് മാത്രമല്ല, നേർക്കുനേരെ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ് അവരും നബി(ﷺ)യും ചെയ്യുന്നത്. എന്നിട്ട് ഇതാണത്രെ നബി(ﷺ)യെ തവസ്സുലാക്കി പ്രാർത്ഥിക്കാനുള്ള തെളിവ്?!

മാത്രമല്ല, ആയത്തിൽ 'ഹും'(അവർ) എന്ന് പറഞ്ഞതിൽ നിന്നുതന്നെ അതിലുള്ള കൽപന ഒരു പ്രത്യേക വിഭാഗത്തോടാണെന്ന് വ്യക്തമാണ്. മുസ്‌ലിംകളായ എല്ലാവർക്കും അത് ബാധകമാണെങ്കിൽ 'അവർ' എന്നതിനു പകരം 'നിങ്ങൾ' എന്നാണ് പറയേണ്ടിയിരുന്നത്. അതിൽനിന്നും ഈ കൽപന ഒരു പ്രത്യേക വിഭാഗത്തിൽമാത്രം പരിമിതമാണെന്ന് വ്യക്തമായി.

ഇനി, ആയത്തിലെ കൽപനയിൽ എല്ലാവരും ഉൾപ്പെടുമെന്ന് പറയുകയാണെങ്കിൽ ആ മാതൃക ആദ്യമായി പ്രാവർത്തികമാക്കേണ്ടത് നബി(ﷺ)യുടെ സ്വഹാബികളാണല്ലോ. എന്നാൽ അവരിലാരെങ്കിലും അങ്ങനെയൊരു തവസ്സുൽ ചെയ്തത് കാണാൻ സാധിക്കുകയില്ല എന്നത് ഖണ്ഡിതമാണ്. ഉണ്ടായിരുന്നെങ്കിൽ അതാണുദ്ധരിക്കേണ്ടത്. അതല്ലാതെ അഡ്രസ്സില്ലാത്ത എന്തെങ്കിലും കള്ളക്കഥകളല്ല!.

ഈ ആയത്തിൽ പറയുന്ന കൽപന ഒരു പ്രത്യേക വിഭാഗത്തോടുമാത്രമാണെന്ന് പ്രസിദ്ധസുന്നി പണ്ഡിതനായ തിരൂരങ്ങാടി ഖാസി അബ്ദുറഹിമാൻ മഖ്ദൂമി തന്നെ വിശദീകരിക്കുന്നത് കാണുക:

(ഫത്ഹുൽ അലീം 1-211)

സൂറത്തു നിസാഅ്     211     ജുസ്ഉ് 5

وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ ۚ وَلَوْ أَنَّهُمْ إِذ ظَّلَمُوا أَنفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ
وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَّحِيمًا ﴿٦٤﴾



64. അല്ലാഹു നിർദ്ദേശിച്ചതുകൊണ്ട് അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ ഒരു റസൂലിനെയും നാം അയച്ചിട്ടില്ല. സ്വന്തത്തോട് തന്നെ ദ്രോഹം ചെയ്തപ്പോൾ അവർ താങ്കളുടെ അടുത്ത് വരുകയും, എന്നിട്ട് അല്ലാഹുവിനോട് പൊറുക്കുവാൻ അപേക്ഷിക്കുകയും, അല്ലാഹുവിന്റെ റസൂലും അവർക്ക് പൊറുക്കാൻവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നെങ്കിൽ തങ്ങളുടെ തൗബ സ്വീകരിക്കുന്നവനും, പരമകാരുണികനുമായി അല്ലാഹുവിനെ അവർ എത്തിക്കുമായിരുന്നു.

പ്രവാചകനെ അനുസരിക്കണമെന്ന് അൽപം മുമ്പ് പറഞ്ഞല്ലോ. അതൊരു പുതിയ കാര്യമൊന്നുമല്ല. എല്ലാ നബിമാരെയും അനുസരിക്കാൻ വേണ്ടിതന്നെയാണ് അല്ലാഹു അയച്ചിട്ടുള്ളത്. കപടവിശ്വാസികൾക്ക് ഇത് രസിക്കുകയില്ല. പിശാചിനെ അനുസരിക്കാനാണവർ ശീലിച്ചിട്ടുള്ളത്. എന്നിട്ടവർ നബിയുടെ അടുത്ത് വന്ന് നുണ പറയുകയും ചെയ്യുന്നു. അവർക്കൊരബദ്ധം പറ്റിപ്പോയതാണെങ്കിൽ നബിയുടെ അടുത്ത് വന്ന് അക്കാര്യം സമ്മതിക്കുകയും അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്യാമായിരുന്നു. പരമ കാരുണികനായ അല്ലാഹു അത് പൊറുത്തുകൊടുക്കുകയും ചെയ്യുമായിരുന്നു. പക്ഷെ അതിന് തയ്യാറാകാതെ കള്ളസത്യം ചെയ്യാനും നബിതിരുമേനിയെ കബളിപ്പിക്കാനുമാണവർ തയ്യാറായത്.

തെറ്റ് ചെയ്തവരോട് നബി(ﷺ)യുടെ സന്നിധിയിൽ നേരിട്ട് പോകാൻ നിർദ്ദേശിക്കുകയാണല്ലോ ഇതിൽ ചെയ്യുന്നത്. അത് ഇവിടെ ആവശ്യം തന്നെയാണ്. കാരണം അവർ നബി(ﷺ)യോട് ധിക്കാരം കാണിക്കുകയാണ് ചെയ്തിട്ടുള്ളത് അതിനാൽ അവിടെ പോകൽ ആ തെറ്റിന്റെ ഒന്നാമത്തെ പരിഹാരമാർഗ്ഗം തന്നെയാണ്. ഇതിൽ നിന്നും ഇവിടെ തർക്കത്തിലിരിക്കുന്ന തവസ്സുലുമില്ല ഇസ്തിഗാസയുമില്ല എന്ന് വ്യക്തമാണ്.

മാത്രമല്ല, നബി(ﷺ)യുടെ സന്നിധിയിൽ നേരിട്ട് പോകാൻ നിർദ്ദേശിച്ചതിൽനിന്നു തന്നെ, നബി(ﷺ)യുടെ ഹഖ്,ജാഹ്,ബർക്കത്തുകൊണ്ടുള്ള തവസ്സുലിനെയും അല്ലാഹു അംഗീകരിക്കുന്നില്ല എന്ന് മനസ്സിലാക്കാം. ഇനി നബി(ﷺ)യുടെ സന്നിധിയിലേക്ക് പോകാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം പ്രസിദ്ധ മുഫസ്സിറായ ഇമാം റാസി വിവരിക്കുന്നത് കാണുക:-

(തഫ്സീറുൽ കബീർ: 4 - 126)



المسألة الثانية: لقائل أن يقول: أليس لو استغفروا الله وتابوا على وجه صحيح لكانت توبتهم مقبولة، فما الفائدة في ضم استغفار الرسول إلى استغفارهم؟

قلنا: الجواب عنه من وجوه: الأول: أن ذلك التحاكم إلى الطاغوت كان مخالفة لحكم الله، وكان أيضاً إساءة إلى الرسول عليه الصلاة والسلام وإدخالا للغم في قلبه، ومن كان ذنبه كذلك وجب عليه الاعتذار عن ذلك الذنب لغيره، فلهذا المعنى وجب عليهم أن يطلبوا من الرسول أن يستغفر لهم. الثاني: أن القوم لما لم يرضوا بحكم الرسول ظهر منهم ذلك التمرد، فاذا تابوا وجب عليهم أن يفعلوا ما يزيل عنهم ذلك التمرد، وما ذاك إلا بأن يذهبوا إلى الرسول ﷺ ويطلبوا منه الاستغفار. الثالث: لعلهم إذا أتوا بالتوبة أتوا بها على وجه الخلل، فاذا انضم اليها استغفار الرسول صارت مستحقة للقبول والله أعلم.

المسألة الثالثة: إنما قال: ﴿واستغفر لهم الرسول﴾ ولم يقل واستغفرت لهم إجلالا للرسول عليه الصلاة

അർത്ഥം: "ഒരു ചോദ്യകർത്താവിന് ഇപ്രകാരം ചോദിക്കാം: അവർ അല്ലാഹുവിനോട് പാപമോചനം തേടുകയും ശരിയായ നിലക്ക് ഖേദിച്ചു മടങ്ങുകയും ചെയ്താൽതന്നെ അവരുടെ തൗബ സ്വീകരിക്കപ്പെടുമല്ലോ. പിന്നെ എന്തിന് അവർ, പ്രാർത്ഥിക്കുന്നതോടൊപ്പം നബിയും അവർക്കു വേണ്ടി പ്രാർത്ഥിക്കണമെന്ന് പറഞ്ഞത്? നമുക്ക് ഇതിന് പല നിലക്കും മറുപടി പറയാനുണ്ട്. നിശ്ചയം അവർ താഗൂത്തിനോട് മതവിധി അന്വേഷിച്ചു. ഇത് അല്ലാഹുവിന്റെ വിധിക്ക് എതിർ പ്രവർത്തിക്കലും നബി(ﷺ)യുടെ നേരെ തിന്മ ചെയ്യലും, നബി(ﷺ)യുടെ മനസ്സിൽ വേദനയുണ്ടാക്കലുമായിരുന്നു. ഇത്തരം തെറ്റുകൾ മറ്റുള്ളവരോട് ചെയ്താൽ അവരോടും വിട്ടുവീഴ്ചക്കാവശ്യപ്പെടൽ നിർബന്ധമാണ്" *(തഫ്സീറുൽ കബീർ: 4- 126)*

എത്ര വ്യക്തമാണ് മേൽ വിശദീകരണം. ഇവിടെ തർക്കത്തിലിരിക്കുന്ന തവസ്സുലില്ല എന്ന് ഇപ്പോൾ കൂടുതൽ വ്യക്തമായല്ലോ! മാത്രമല്ല, ഇത്. നബി(ﷺ)യോടുള്ള തവസ്സുലിന് തെളിവാണെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽ പോലും ഈ 'തെളിവി'ലൂടെ ഇവർ പെട്ടുപോകുന്ന ചില കുരുക്കുകളുണ്ട്. അഥവാ, തവസ്സുൽ ചെയ്യപ്പെടുന്ന മഹാന്റെ അസാന്നിദ്ധ്യത്തിൽ തവസ്സുൽ ചെയ്യാൻ പാടില്ല; സാന്നിദ്ധ്യത്തിൽ മാത്രമേ അത് പാടുള്ളൂ എന്ന് സമ്മതിക്കേണ്ടിവരുന്നു. എന്നാൽ ഇവരുടെ വാദം അസാന്നിദ്ധ്യത്തിലും തവസ്സുലാക്കാം എന്നാണല്ലോ. അങ്ങനെ നോക്കിയാൽ ഈ സംഭവം ഇവർക്കെതിരായിമാറുന്നു!.

നബി(ﷺ)യെ സമീപിച്ച് തവസ്സുൽ ചെയ്യണം എന്നത് ഇവർ പറയും പോലെ അക്ഷരാർത്ഥത്തിലുള്ള ഒരു കൽപനയാണെങ്കിൽ ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ മറ്റൊരു വലിയ കുരുക്കിലാണ് ഇവർ പെട്ടുപോവുന്നത്. അഥവാ, തെറ്റ് ചെയ്യുന്നവരൊക്കെ നബി(ﷺ)യോട് സങ്കടം ബോധിപ്പിക്കാൻ വേണ്ടി അവിടത്തോട് സമീപിക്കേണ്ടിവരും. എന്നാൽ നബി(ﷺ) ഇപ്പോൾ ജീവിച്ചിരിക്കുന്നില്ല. അതിനാൽ അവിടത്തെ മറമാടിയ മദീനത്തേക്ക് പോകേണ്ടിവരും. അങ്ങനെയാകുമ്പോൾ നമ്മുടെ നാട്ടിലുള്ളവരെല്ലാം എന്ത് തെറ്റ് ചെയ്താലും ആദ്യം മദീനത്തേക്ക് യാത്ര പോകണം. തിരിച്ചുവന്ന് വീണ്ടും തെറ്റ് ചെയ്താൽ വീണ്ടും മദീനത്തേക്കുതന്നെ പോകണം. അങ്ങനെ തെറ്റിനനുസരിച്ച് അതാവർത്തിച്ചുകൊണ്ടേയിരിക്കണം. എന്നാൽ ഒരു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിലെ മുഴുവൻ സമ്പാദ്യങ്ങളും വിറ്റുപെറുക്കിയാൽ പോലും അത് പ്രാവർത്തികമാക്കാൻ കഴിയില്ല എന്നത് മുസ്ല്യാക്കന്മാരല്ലാത്ത ബുദ്ധിയുള്ള എല്ലാവരും സമ്മതിക്കുമല്ലോ! അതിനാൽ ഈ നിലയിലൂടെ നോക്കിയാലും തർക്കത്തിലിരിക്കുന്ന ആയത്ത് മുസ്ല്യാക്കന്മാരെ തിരിഞ്ഞ് കുത്തുകയാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാം.

ചുരുക്കത്തിൽ സൂറഃ നിസാഇലെ 46-ാം വചനം തർക്കത്തിലിരിക്കുന്ന തവസ്സുലിന് ഒരു നിലക്കും തെളിവാകുന്നില്ലെന്നും എല്ലാനിലക്കും തങ്ങൾക്ക് തിരിച്ചടി യാവുകയാണ് ചെയ്യുന്നതെന്നും വ്യക്തമായി.

എന്നാൽ ഇസ്ലാമിക വിരുദ്ധമായ തങ്ങളുടെ 'കുമ്പസാരം' ഇസ്ലാമികമാക്കാൻ വേണ്ടി ഇവർ തെണ്ടിപ്പിടിച്ച് കൊണ്ടുവരുന്ന ഒരു കള്ളക്കഥയുണ്ട്. ആ കള്ളക്കഥയാകട്ടെ സൂക്ഷ്മതക്കുറവുകൊണ്ട് പലരും ഉദ്ധരിച്ചിട്ടുമുണ്ട്. അതാണ് ഇവർക്കുള്ള വലിയ 'തെളിവ്'. അതിനിവർ കൂടുതലായി കരുവാക്കാറുള്ളത് ശാഫിഈമദ്ഹബിലെ പ്രസിദ്ധ മുഫസ്സിറായ ഹാഫിള് ഇബ്നുകസീറിന്റെ തഫ്സീറിനെയാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു സഖാഫിയുടെ ന്യായീകരണങ്ങൾ കൂടികാണുക:

"തവസ്സുൽ എന്ന അദ്ധ്യായത്തിൽ ആയത്തിന് നൽകിയ അർത്ഥം ആശയപരമായി തെറ്റല്ല. ബിദഇകൾക്ക് കൂടി സ്വീകാര്യനായ ഇബ്നുകസീറിന്റെ തഫ്സീറിൽ വഫാത്തിന്

ശേഷം നബി(സ)യെ സമീപിച്ച് ആവലാതി ബോധിപ്പിക്കുന്ന വ്യക്തിയുടെ ചരിത്രം ഉദ്ധരിക്കുന്നുണ്ട്. നബിയോടെ തെറ്റുചെയ്തവർ നബിയോട് പൊറുക്കാൻ ആവശ്യപ്പെട്ടശേഷം അല്ലാഹുവിനോട് പശ്ചാത്തപിക്കണം എന്ന് പറയുന്നതിൽ എവിടെയാണ് അബദ്ധം. ജീവിച്ചിരിക്കുമ്പോൾ നേരിട്ടും വഫാത്തിനുശേഷം ഖബ്റിനു സമീപം ചെന്നും ഇത് നടക്കണം. ശരിയായ പശ്ചാതാപത്തിന്റെ ലക്ഷണം കൂടിയാണിത്. ഇക്കാര്യം പ്രമാണബദ്ധമായി തെളിയിക്കപ്പെട്ടതാണ്." *(സുന്നത്ത് ജമാഅത്ത് നാലാം പതിപ്പ് പേജ് 15, സുലൈമാൻ സഖാഫി മാളിയേക്കൽ)*

ഇവരുടെ മറ്റൊരു പുസ്തകത്തിൽ എഴുതുന്നത് പ്രത്യേകം ശ്രദ്ധിക്കുക:

**(തിരുത്തപ്പെടേണ്ട ധാരണകൾ പേജ്: 183,184 പി.എം.കെ. ഫൈസി)**



**അതബീ(റ)യുടെ വിവരണം**

ഹാഫിള് ഇമാദുദ്ദീൻ ഇബ്നു കസീർ ഉദ്ധരിക്കുന്നു. "ശൈഖ് അബൂമൻസൂറുസ്സബ്ബാഗ് തന്റെ "അശ്ശാമിൽ" എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധമായ അത്ബീ സംഭവം ഉദ്ധരിച്ചിട്ടുണ്ട്. അതബീ (റ) പറയുന്നു: "ഞാൻ നബിയുടെ ഖബ്റിനരികെ ഇരിക്കുകയായിരുന്നു. ഒരു വനവാസി അവിടെ വന്നു. 'അസ്സലാമുഅലൈക യാറസൂലുല്ലാഹ്' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം തുടർന്നു. റസൂലേ സ്വന്തം ശരീരത്തെ അക്രമിച്ചവർ താങ്കളുടെ അടുത്തു വന്ന് അല്ലാഹുവോടു പശ്ചാത്തപിക്കുകയും താങ്കൾ അവർക്കു പൊറുത്തു കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്താൽ അല്ലാഹു അവരുടെ തൗബ സ്വീകരിക്കുന്നതും അവരോടു കാരുണ്യം കാണിക്കുന്നതുമാണ്.

وَلَوْ أَنَّهُمْ إِذ ظَّلَمُوا أَنفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَّحِيمًا

എന്ന അല്ലാഹുവിന്റെ പ്രഖ്യാപനം അറിഞ്ഞു പശ്ചാത്തപിച്ചുകൊണ്ട് അങ്ങയെ എന്റെ നാഥനിലേക്കു ശുപാർശകനാക്കികൊണ്ട് അങ്ങയുടെ സാന്നിധ്യത്തിൽ ഞാൻ എത്തിയിരിക്കുന്നു.' അനന്തരം അദ്ദേഹം പാടി.

"ഏറ്റവും ഉത്തമമായ ഭൂതലത്തിൽ മറപ്പെട്ട മനുഷ്യോത്തമരേ ഈ ഭൂമിയുടെ പരിമളത്താൽ കുന്നുകളും പീഠഭൂമികളും സുഗന്ധമയമായിരിക്കുന്നു. താങ്കൾ താമസിച്ചുകൊണ്ടിരിക്കുന്ന ഖബറിനു ഞാനെന്റെ ശരീരത്തെ സമർപ്പണം ചെയ്യുന്നു. ഈ ഖബറിലാണു മഹത്വവും ഔദാര്യവും പവിത്രതയും അടങ്ങിയിരിക്കുന്നത്."

يَا خَيْرَ مَنْ دُفِنَتْ بِالْقَاعِ أَعْظُمُهُ فَطَابَ مِنْ طِيبِهِنَّ الْقَاعُ وَالْأَكَمُ

نَفْسِي الْفِدَاءُ لِقَبْرٍ أَنْتَ سَاكِنُهُ فِيهِ الْعَفَافُ وَفِيهِ الْجُودُ وَالْكَرَمُ

അനന്തരം അഅ്റാബി തിരിഞ്ഞു നടന്നു. ഞാൻ നിദ്രപ്രാപിച്ചു. നിദ്രയിലെനിക്കു ദർശനമുണ്ടായി: 'നീ അഅ്റാബിയെ സമീപിച്ച് അല്ലാഹു അയാൾക്കു പൊറുത്തുകൊടുത്തിരിക്കുന്നു എന്ന സന്തോഷവാർത്ത അറിയിക്കുക'

മേൽ ഉദ്ധരണികളുടെ ആകെത്തുക ഇതാണ്:

നബി(ﷺ)യുടെ ഖബറിങ്കൽ ഒരു ഗ്രാമീണൻ വന്ന് മരിച്ചുപോയ നബിയെ നേരിട്ട് വിളിക്കുകയും തർക്കത്തിലിരിക്കുന്ന മേൽ ആയത്തിന്റെ അടിസ്ഥാനത്തിൽ നബി(ﷺ)യോട് തവസ്സുൽ ചെയ്യുകയും ചെയ്തു. ഇക്കാര്യം പ്രസിദ്ധ മുഫസ്സിറായ ഇബ്നുകസീർ ഉദ്ധരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ എന്താണ് യാഥാർത്ഥ്യം? ഇബ്നുകസീറിൽ നിന്ന് അങ്ങനെ ഒരാശയം ലഭിക്കുമോ? നബി(ﷺ)യുടെ ഖബറിനടുത്ത് വന്ന് മേൽ ശിർക്കൻ പ്രവർത്തനങ്ങൾ ചെയ്തു എന്ന് പറയുന്നത് സത്യമാണോ? നമുക്ക് പരിശോധിക്കാം.

ആദ്യമായി ഇബ്നുകസീർ ഈ ആയത്തിന് നൽകിയ വ്യാഖ്യാനം പൂർണ്ണരൂപത്തിൽ കാണുക:

(തഫ്സീർ ഇബ്നുകസീർ 1/520,521)



سورة النساء ٥٢٠

وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ وَلَوْ أَنَّهُمْ إِذ ظَّلَمُوا أَنفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَّحِيمًا ﴿٦٤﴾ فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥﴾

يقول تعالى ( وما أرسلنا من رسول إلا ليطاع ) أي فرضت طاعته على من أرسله إليهم وقوله ( بإذن الله ) قال مجاهد أي لا يطيع أحد إلا بإذني يعني لا يطيعه إلا من وفقته لذلك كقوله (ولقد صدقكم الله وعده إذ تحسونهم بإذنه) أي عن أمره وقدره ومشيئته وتسليطه إياكم عليهم وقوله (ولو أنهم إذ ظلموا أنفسهم) الآية ، يرشد تعالى العصاة والمذنبين إذا وقع منهم الخطأ والعصيان أن يأتوا إلى الرسول صلى الله عليه وسلم فيستغفروا الله عنده ويسألوه أن يستغفر لهم فإنهم إذا فعلوا ذلك تاب الله عليهم ورحمهم وغفر لهم ولهذا قال (لوجدوا الله توابا رحيما) وقد ذكر جماعة منهم الشيخ أبو منصور الصباغ(١) في كتابه الشامل الحكاية المشهورة عن العتبي قال : كنت جالسا عند قبر النبي صلى الله عليه وسلم فجاء أعرابي فقال السلام عليك يا رسول الله سمعت الله يقول ( ولو أنهم إذ ظلموا أنفسهم جاءوك فاستغفروا الله واستغفر لهم الرسول لوجدوا الله توابا رحيما ) وقد جئتك مستغفرا لذنبي مستشفعا بك إلى ربي . ثم أنشأ يقول :

يا خير من دفنت بالقاع أعظمه • فطاب من طيبهن القاع والأكم

نفسي الفداء لقبر أنت ساكنه • فيه العفاف وفيه الجود والكرم

ثم انصرف الأعرابي فغلبتني عيني فرأيت النبي ﷺ في النوم فقال : « يا عتبي الحق الأعرابي فبشره أن الله قد غفر له »

وقوله (فلا وربك لا يؤمنون حتى يحكموك فيما شجر بينهم) يقسم تعالى بنفسه الكريمة المقدسة أنه لا يؤمن أحد حتى يحكم الرسول صلى الله عليه وسلم في جميع الأمور فما حكم به فهو الحق الذي يجب الانقياد له باطنا وظاهرا ولهذا قال (ثم

അർത്ഥം: "അല്ലാഹുവിനോടും റസൂലിനോടും എതിർപ്രവർത്തിച്ചവരോടും മറ്റു പാപം ചെയ്തവരോടും അല്ലാഹു ഉപദേശിക്കുന്നു: അവരിൽ നിന്ന് അബദ്ധവും അല്ലാഹുവിന്നും റസൂലിന്നും എതിർ പ്രവർത്തിക്കുകയും സംഭവിച്ചാൽ അവർ റസൂലിന്റെ അടുക്കൽ പോവാനും നബിയുടെ അടുത്തുവെച്ച് അല്ലാഹുവിനോട് അവരുടെ പാപം പൊറുക്കാൻ പ്രാർത്ഥിക്കാനും അവർക്കുവേണ്ടി നബി(ﷺ)അല്ലാഹുവിനോട് പ്രാർത്ഥിക്കാനും നബി(ﷺ)യോട് അവർ ചോദിക്കണം എന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. അത് അവർ ചെയ്താൽ അല്ലാഹു അവരുടെ പശ്ചാത്താപം അത്യധികം സ്വീകരിക്കുകയും അവർക്ക് പരലോകത്ത് കരുണചെയ്യുകയും അവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യുമെന്നും അല്ലാഹു നിർദ്ദേശിക്കുന്നു." ഇതിനുവേണ്ടിയാണ് അല്ലാഹു പറഞ്ഞത് "അവരുടെ പശ്ചാതാപം അത്യധികം സ്വീകരിക്കുന്നതായും അവരോട് പരലോകത്ത് കാരുണ്യം കാണിക്കുന്നവനായും അല്ലാഹുവിനെ അവർ എത്തിക്കും" എന്ന്.

ഉത്ബിയെപ്പറ്റി പ്രചരിപ്പിക്കപ്പെടുന്ന ഒരു കഥ ഒരു സംഘം ആളുകൾ പറഞ്ഞിട്ടുണ്ട്. ശൈഖ് അബൂമൻസൂർ അസ്സുബ്ബാഹും തന്റെ അശ്ശാമിൽ എന്ന ഗ്രന്ഥത്തിൽ അത് പറഞ്ഞ കൂട്ടത്തിൽ പെടുന്നു. ഉതുബി പറഞ്ഞു: ഞാൻ നബി(ﷺ)യുടെ ഖബ്റിന്റെ അടുത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ ഏതോ ഒരു കാടൻ അറബി വന്ന് നബി(ﷺ)ക്ക് സലാം പറഞ്ഞു. അല്ലാഹു ഇപ്രകാരം പറഞ്ഞതായി ഞാൻ കേട്ടിരിക്കുന്നു."അല്ലാഹുവിനോടും റസൂലിനോടും എതിര് പ്രവർത്തിച്ച കപടന്മാർ അവരോട് തന്നെ അക്രമം ചെയ്ത സമയം താങ്കളുടെ അടുത്തുവെച്ച് അല്ലാഹുവിനോട് അത് പൊറുക്കാൻ അവർ പ്രാർത്ഥിക്കുകയും. നബി(ﷺ)യും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്താൽ അവരുടെ പശ്ചാതാപത്തെ അത്യധികം സ്വീകരിക്കുന്നവനും പരലോകത്ത് അവരോട് അത്യധികം കാരുണ്യം കാണിക്കുന്നവനുമായി അല്ലാഹുവിനെ അവർക്ക് എത്തിക്കും."

എന്റെ പാപം പൊറുക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവനായും നിങ്ങളോട് എന്റെ റബ്ബിനെകൊണ്ട് അതിന് പ്രാർത്ഥിക്കാൻ ശുപാർശ ആവശ്യപ്പെടുന്നവനായും നിശ്ചയം ഞാൻ

വന്നിരിക്കുന്നു. ശേഷം അദ്ദേഹം പാടി... " *(തഫ്സീർ ഇബ്നുകസീർ 1/520,521)*

ഇബ്നുകസീറിന്റെ മേൽ വിശദീകരണത്തിൽ ഉദ്ധരിച്ച ഉതുബി എന്ന മനുഷ്യനിൽ നിന്നുദ്ധരിക്കുന്ന കള്ളക്കഥയെക്കുറിച്ച് അടിസ്ഥാനപരമായി ചിലകാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. അതിനുമുമ്പ് ഇബ്നികസീർ തന്റെ സ്വന്തം അഭിപ്രായമായി വിശദീകരിച്ച ഭാഗം (അടിവരയിട്ടത്) മാന്യവായനക്കാർ ഒന്ന്കൂടി ശ്രദ്ധിച്ചുവായിക്കുക. അതിൽ അല്ലാഹുവോട് പാപമോചനം തേടാനാണ് ആയത്തിൽ പറയുന്നതെന്ന് പ്രത്യേകം പറയുന്നുണ്ടല്ലോ. ഇതാണ് ഇബ്നുകസീറിന്റെ യഥാർത്ഥ വ്യാഖ്യാനം. ശേഷം അദ്ദേഹം പല ചരിത്ര ഗ്രന്ഥങ്ങളിലും റിപ്പോർട്ടുചെയ്യപ്പെട്ട ഒരു കള്ളക്കഥ പൊതുവിൽ അംഗീകരിക്കപ്പെടുന്ന മാനദണ്ഡങ്ങൾ നോക്കാതെ ഉദ്ദരിച്ചിരിക്കുകയാണ്. അതാകട്ടെ സത്യസന്ധമാണെന്ന് അദ്ദേഹം പറയുന്നുമില്ല. ഇനി പ്രസ്തുത കഥ സത്യസന്ധമായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്തതാണെന്ന് സങ്കല്പിച്ചാൽ പോലും അതിൽ നിന്നൊരിക്കലും റസൂലിനോട് പാപമോചനം തേടാനോ തവസ്സുലാക്കാനോ തെളിവ് ലഭിക്കുകയുമില്ല.

കാരണം, ഇവിടെ 'മുസ്തഗ്ഫിറൻ വ മുസ്തശ്ഫിഅൻബിക'എന്നതിന്റെ അർത്ഥം 'അല്ലാഹുവോട് പൊറുക്കാൻ പ്രാർത്ഥിക്കുന്ന അവസ്ഥയിലും നബിയോട് ശഫാഅത്തിനെ തേടിയ അവസ്ഥയിലുമായി ഞാൻ താങ്കളുടെ അടുത്ത് വന്നിരിക്കുന്നു' എന്നാണ്. അഥവാ ഈ രണ്ട് അവസ്ഥകളും (ഹാൽ) അഅ്റാബിയുടേതാണ്, നബി(ﷺ)യുടേതല്ല എന്നർത്ഥം. ഇത്തരം അറബിഭാഷാ നിയമങ്ങളെക്കുറിച്ച് പരിജ്ഞാനമില്ലാത്തതുകൊണ്ട് ഇവർ ധരിച്ചത് നബി(ﷺ) അഅ്റാബിക്കുവേണ്ടി പൊറുക്കാൻ പ്രാർത്ഥിച്ചുകൊണ്ടും അവനുവേണ്ടി ശഫാഅത്ത് തേടുന്ന അവസ്ഥയിലും അയാൾ നബി(ﷺ)യുടെ ഖബറിങ്കിൽ വന്നു എന്നാണ്. ഈ അർത്ഥം ഈ വാചകഘടനക്കെതിരാണെന്ന് അറബി ഗ്രാമർ വിവരമുള്ളവർക്കറിയാം.

ഇവരുടെ അർത്ഥപ്രകാരം 'മുസ്തഗ്ഫിറൻ വമുസ്തശ്ഫിഅൻ ബിക' എന്നതിന് ഇപ്രകാരം അർത്ഥം പറയേണ്ടിവരും: 'റസൂൽ പാപമോചനം നടത്തിക്കൊണ്ടിരിക്കുകയും ശഫാഅത്ത് തേടിക്കൊണ്ടിരിക്കുകയുമാണ്, ആ സമയത്ത് അഅ്റാബി കടന്നുവന്നു' എന്ന്. അങ്ങനെയാകുമ്പോൾ ഈ കഥക്ക് പിന്നെന്ത് പ്രസക്തിയാണുള്ളത്.? അഅ്റാബി ഖബറിങ്കൽ വരേണ്ട ആവശ്യമെന്താണ്? കൂടാതെ 'ബിക'(താങ്കളെക്കൊണ്ട്) എന്ന് പറയേണ്ട ആവശ്യമെന്ത്?

ചുരുക്കത്തിൽ ഈ കഥ സത്യസന്ധമാണെന്ന് സങ്കൽപിച്ചാൽപോലും ഇവർ നൽകിയ അർത്ഥത്തിനെതിരാണെന്ന് വ്യക്തം. അപ്പോൾ മുസ്ല്യാക്കന്മാർ ഇബ്നുകസീറിന്റെ പേരിൽ പച്ചക്കള്ളം തട്ടിവിട്ടതാണിതെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം.

**ഇനി ഈ കഥയെ നമുക്കൊന്ന് പോസ്റ്റുമാർട്ടം നടത്താം.**

1. ഇതൊരു കള്ളക്കഥയാണ്. ഉത്ബി എന്ന മനുഷ്യൻ ഈ കള്ളക്കഥ ഉദ്ധരിക്കുന്നത് യാതൊരു സനദും(പരമ്പര)ഇല്ലാതെയാണ്. ഇസ്ലാമികമായി ഒരു കാര്യം സത്യസന്ധവും പ്രാമാണികവുമാകാനുള്ള വളരെ പ്രധാനപ്പെട്ട ഒരു മാനദണ്ഡമാണ് സത്യസന്ധമായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്യപ്പെടുക എന്നത്. അതല്ലാതെ എത്രവലിയ കിതാബുകളിലുദ്ധരിച്ചാലും എത്ര വലിയ മഹാന്മാർ അംഗീകരിച്ചാലും പരമ്പര സത്യസന്ധമല്ലെങ്കിൽ അതംഗീകരിക്കാനാവതല്ല. അതിനാൽ ഈ കള്ളക്കഥയും ആ നിലക്ക് അസ്വീകാര്യമാണ്.

2. പാപമോചനത്തിന് ഖുർആനും സുന്നത്തും പഠിപ്പിക്കുന്ന വ്യക്തമായ ഒരു രീതിയുണ്ട്. അതിലൊരിക്കലും ക്രിസ്ത്യാനികളിലുള്ളതുപോലെ സൃഷ്ടികളോടുള്ള കുമ്പസാരമില്ല. അത് നേർക്കുനേരെ അല്ലാഹുവിനോടായിരിക്കണം., അവനോട് മാത്രമായിരിക്കണം.

3. പാപമോചനത്തിന്നബി(ﷺ)യുടെ ഖബറിങ്കൽ പോയി സങ്കടം പറയുക എന്ന ഒരു ചര്യ ഇസ്ലാം പഠിപ്പിച്ചിരുന്നുവെങ്കിൽ അത് ഈ കള്ളക്കഥയിൽ പരാമർശിക്കുന്ന കാട്ടറബിയേക്കാൾ മുമ്പ് പ്രാവർത്തികമാക്കേണ്ടത് നബി(ﷺ)യുടെ അനുചരന്മാരാണ്. മദീനിയിൽ നബി(ﷺ)യുടെ ഖബർ തങ്ങളുടെ സമീപത്ത് തന്നെയുണ്ടായിട്ടും ലക്ഷക്കണക്കിന് സ്വഹാബികളിൽ ഒരാൾപോലും അങ്ങനെ ചെയ്തതായി സത്യസന്ധമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

4. നബി(ﷺ)യെ മറവ് ചെയ്തിരിക്കുന്നത് ആയിശാബീവി(റ)യുടെ വീടിനകത്താണ്. അവർ താമസിക്കുന്ന മുറിയിൽ അവരുടെ അറിവോ അനുവാദമോ ഇല്ലാതെ എവിടെനിന്നോ വന്ന ഒരു

അഅ്റാബി യഥേഷ്ടം കടന്നുവരികയും ശിർക്ക് കലർന്ന ഒരു പാട്ട് പാടുകയും ചെയ്തു എന്നു വിശ്വസിക്കാൻ ഒരിക്കലും സാധിക്കുകയില്ല. മാത്രമല്ല അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ ആയിശാബീവി(റ) അത് റിപ്പോർട്ട് ചെയ്യുമായിരുന്നു.

5. ഇത് ഒരു സ്വപ്നകഥയാണ് അഥവാ അഅ്റാബിയുടെ ദോഷം പൊറുക്കപ്പെട്ട വിവരം സ്വപ്നം വഴിയാണ് ഉത്ബി എന്ന മനുഷ്യൻ പറയുന്നത്. എന്നാൽ അമ്പിയാക്കളുടേതല്ലാത്ത സ്വപ്നദർശനം ഇസ്‌ലാമിൽ തെളിവല്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. പ്രത്യേകിച്ച് തൗഹീദും ശിർക്കും വേർതിരിക്കുന്ന ഇത്തരം കാര്യങ്ങളിൽ! ഇക്കാര്യം സമസ്തക്കാരും അംഗീകരിക്കുന്നതാണ്. ഈ സഖാഫിയുടെ തന്നെ ഉസ്താദായ സാക്ഷാൽ കാന്തപുരം അബൂബക്കർ മുസ്‌ല്യാർ എഴുതുന്നത് കാണുക:

**(ശാഫിഈ മദ്ഹബ് പേജ്: 8, അവതാരിക കാന്തപുരം എ.പി. അബൂബക്കർ മുസ്‌ല്യാർ)**




ഇമാം ശാഫിഈയും സ്വപ്നവും എന്ന അധ്യായത്തിന്റെ സമർത്ഥനം വളരെ നന്നായിട്ടുണ്ട്. അമ്പിയാക്കളൊഴിച്ചുള്ളവരുടെ സ്വപ്നങ്ങൾ ഇസ്‌ലാമിൽ രേഖയല്ല. സ്വപ്നമടിസ്ഥാനമാക്കി ശറഇൽ ഒരു നിയമം സ്ഥിരപ്പെടില്ലെന്നു ചുരുക്കം. ഇസ്‌ലാമിക വിധികൾ കർമ്മശാസ്ത്ര നിദാനങ്ങളിൽ വാജിബ്, സുന്നത്ത്, ഹറാം, കറാഹത്ത്, മുബാഹ് എന്നിങ്ങനെ അഞ്ചായി വിഭജിച്ചിട്ടുണ്ട്. ഒരു കാര്യം വാജിബെന്നോ സുന്നത്തെന്നോ മറ്റോ തീരുമാനിക്കുന്നതിലുള്ള രേഖയായി സ്വപ്നം അവലംബിച്ചു കൂടാ. എന്നാൽ അംബിയാഇന്റെ സ്വപ്ന ദർശനം രേഖയായി പരിഗണിക്കുന്നതാണ്.

സ്വഹാബിയുടെ സ്വപ്നവും രേഖയായി പരിഗണിക്കപ്പെടില്ല. അബ്ദുല്ലാഹിബ്നു സൈദ്(റ)ന്റെ സ്വപ്നം മാത്രം ബാങ്കിനു തെളിവായി പണ്ഡിതന്മാർ അംഗീകരിക്കാതിരിക്കാൻ ഇതാണു കാരണം. അവിടെ സ്വപ്നത്തോട് യോജിച്ചു കൊണ്ടുവന്ന വഹ്‌യാണു വാസ്തവത്തിൽ തെളിവാകുന്നത്. മുഗ്നിയിലും നിഹായയിലും ഇതു സംബന്ധമായി പറഞ്ഞതു ശ്രദ്ധേയമാണ്.

23-9-1996
സുന്നി മർകസ്

കാന്തപുരം
എ.പി.അബൂബക്കർ മുസ്‌ലിയാർ

ഇവിടെ സ്വഹാബികളുടെ സ്വപ്നം പോലും ഇസ്‌ലാമിൽ രേഖയല്ല എന്ന് സാക്ഷാൽ കാന്തപുരം തന്നെ പ്രഖ്യാപിക്കുന്നു. എന്നിട്ടാണ് സ്വഹാബികളുടെ നാലയലത്തുപോലും എത്താത്ത മൂന്നാം നൂറ്റാണ്ടുകാരനായ ഒരു മനുഷ്യന്റെ സ്വപ്നം വലിയ തെളിവായി സഖാഫി ഉദ്ധരിച്ചിട്ടുള്ളത്.!

6. ഈ കഥയിലെ സ്വപ്നദർശകനായ ഉതുബി ഹിജ്റ 150നു ശേഷമാണ് ജീവിച്ചിരുന്നതെന്ന് കാണുന്നു. അദ്ദേഹം മരിക്കുന്നത് 220ലാണെന്ന് ചരിത്രകാരനായ ഇബ്നുഖല്ലിക്കാൻ തന്റെ 'വഫയാത്തുൽ അഅ്യാൻ' (1/522,523)ലും ഇവരുടെ തന്നെ നേതാവായ സുബ്കി തന്റെ 'ശിഫാ ഉസ്സഖാമി'ലും പറഞ്ഞിട്ടുണ്ട്. അപ്പോൾ നബി(ﷺ) മരിച്ച് രണ്ടു നൂറ്റാണ്ടു കഴിഞ്ഞാണ് ഈ സംഭവം നടക്കുന്നത് എന്നർത്ഥം. മാത്രമല്ല ഒരു സ്വഹാബിയെപോലും കാണാൻ സാധ്യതയില്ലാത്തയാളാണ് ഈ കള്ളക്കഥയുദ്ധരിക്കുന്ന ഉതുബി എന്നയാൾ. എന്നിട്ട് ഇയാളുടെ സ്വപ്നമാണത്രെ വലിയ തെളിവ്.!

7. ഭാഷാ പണ്ഡിതനും കവിയുമായിരുന്ന ഉതുബി പരസ്യമായി മദ്യപിക്കുന്നയാളായിരുന്നുവെന്നും ഇബ്നുഖല്ലിക്കാൻ തന്റെ വഫയാത്തുൽ അഅ്യാൻ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചുരുക്കത്തിൽ തെളിവിനു കൊള്ളാത്ത, കുറെ സങ്കല്പങ്ങളിലും തെറ്റിദ്ധാരണകളിലും പടുത്തുയർത്തിയ ഒരു കള്ളക്കഥമാത്രമാണ് ഇവർ വലിയ തെളിവായി എടുത്തുപറഞ്ഞ ഇബ്നുകസീർ ഉദ്ധരിച്ച ഈ സംഭവമെന്ന് വ്യക്തമായി. എന്നിട്ടും ഈ കള്ളക്കഥയാണ് വിശുദ്ധ ഖുർആനിലെ ഒരു വചനത്തെ ക്രൂരമായി ദുർവ്യാഖ്യാനിക്കാനും മരിച്ചുപോയ നബി(ﷺ)യെ തവസ്സുൽ ചെയ്ത് പ്രാർത്ഥിക്കാനും ഇവർക്കുള്ള തെളിവ്?! വല്ലാത്ത ധൈര്യം തന്നെ!